PADDY—MILLING OF

304. മിസ്റ്റർ പി. ആർ. കൃഷ്ണനെഴത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(എ) ഗവൺമെണ്ടിൽനിന്നു നേരിട്ടു എത്ര നെല്ലുകുത്തു മില്ലുകൾ നടത്തുന്നുണ്ട്;

(ബി) എത്ര സഹകാരിമില്ലുകളിൽ ഗവൺമെണ്ടിന്റെ നെല്ല് കുത്തിക്കുന്നുണ്ട്;

(സി) ആവശ്യമുള്ള മില്ലുകൾ ഗവൺമെണ്ടിനു നേരിട്ടു നടത്തുവാൻ എന്താണ് തടസ്സം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പൂജ്യം.

(ബി) ആറ് എണ്ണം.

(സി) ഇതു് ഗുരുതരവും ഭാരമേറിയതുമായ ജോലിയാണ്. എല്ലാ മില്ലുകളും ഗവൺമെണ്ടുതന്നെ നടത്തുന്നതിനു മുതലപ്പെട്ട ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു പ്രത്യേക സ്റ്റാഫും അതിനുള്ള ചിലവും എല്ലാം വേണ്ടിവരും.

FISH—EXPORT OF

305. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ചെമ്മീൻപരിപ്പ് കയറ്റുമതിക്ക് സെൻട്രൽ ഗവൺമെണ്ടിൽനിന്നും ൩,൦൦൦ ടണ്ണിനു് കയറ്റുമതി കോട്ട തിരുവിതാംകൂറിലേക്കു കിട്ടിയിട്ടുള്ള വിവരം ഗവൺമെണ്ടിനു് അറിയാമോ;

(ബി) അവശ്യമാത്രം അതു ലഭിക്കുന്നതിനുള്ള വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ;

(സി) വാണിജ്യങ്ങളെ വിപുലീകരിക്കേണ്ട ഇന്നത്തെ ക്ഷീണാവസ്ഥയിൽ ഇക്കാര്യത്തിൽ കൊച്ചിക്കും കോട്ട കിട്ടുന്നതിനു വല്ല നടപടികളും എടുത്തിട്ടുണ്ടോ;

(ഡി) എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ ഫലമെന്താണ്;

(ഇ) ഇത്തരത്തിൽ തിരുവിതാംകൂറിനു് കിട്ടിയിരിക്കുന്ന കോട്ടയെ പതിനഞ്ചും ഇരുപതും ശതമാനം കണ്ടിക്കു് ലാഭം കൊടുത്തു നമ്മുടെ സാധു ചെമ്മീൻ വ്യാപാരികൾ അവരിൽനിന്നും വാങ്ങി കയറ്റുന്ന സമ്പ്രദായം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം ഏർപ്പാടുകളെക്കൊണ്ടു് കൊച്ചിക്കു വല്ല നഷ്ടവും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) തിരുവിതാംകൂറിനു് ക്ലാസ് I—ക്ലാസ് IV-ൽ ൫,൪൦,൦൦൦ മന്നം ചെമ്മീൻ പരിപ്പ് കയറ്റുമതി കോട്ട അനുവദിച്ചിട്ടുള്ളതായി അറിയാം.

(ബി) അവശ്യമാത്രമല്ല കൊച്ചിക്കു് ക്ലാസ് I—ക്ലാസ് IV-ൽ ൩,൦൦൦ മന്നു് ചെമ്മീൻപരിപ്പ് കയറ്റുമതി കോട്ട ലഭിച്ചിട്ടുണ്ട്. ക്ലാസ്സ്—ക്ലാസ് I-ൽ കൊച്ചിക്കു് ൨,൯൫൩ ഇമ്പീരിയൽ മന്നു് (൨,൪൦,൦൦൦ lbs.) കയറ്റുമതി കോട്ട ഉണ്ടായിരുന്നു.

(സി) ഉവ്വു്. ഗവൺമെണ്ടു് എടുത്ത നടപടികളുടെ ഫലമായിട്ടാണ് മേൽപറഞ്ഞ കോട്ടാ കൊച്ചിക്കു ലഭിച്ചിട്ടുള്ളതു്.

(ഇ) ഇല്ല.

(എഫ്) മൻ ചോദ്യത്തിനുള്ള ഉത്തരംകൊണ്ടു മറുപടി ആവശ്യമില്ല.

CONTROL OF CERTAIN ARTICLES—DETAILS REGARDING

306. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ബങ്കാളിൽനിന്നും മല്ലി, മുളക് മുതലായതുകൾ കൊണ്ടുവരുന്നതിനു് അവിടെ കൺട്രോൾ ഇല്ലെന്നുള്ള സത്യാവസ്ഥ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തിനാണ് നമ്മുടെ രാജ്യത്തും കൺട്രോളുകൾ വെച്ചിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly